# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1191** **31.10.2019 ൽ മറുപടിക്ക്**

**തങ്കളം-കോഴിപ്പള്ളി ന്യൂ ബൈപ്പാസ് റോഡ് നിർമ്മാണം**

| **ചോദ്യം**<br>**ശ്രീ.ആന്റണി ജോൺ** | | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിൽ തങ്കളം-കോഴിപ്പിള്ളി ന്യൂബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കോതമംഗലം മുനിസിപ്പാലിറ്റിയുടെയും എക്സൈസ് വകുപ്പിന്റെയും സ്ഥലം ഏറ്റെടുക്കുവാൻ ഡിപ്പാർട്ട്മെന്റ് തലത്തിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടർക്ക് വിശദമായ പ്ലാനും സർവ്വെ നമ്പറും പ്രകാരം എം.എൽ.എ കത്ത് നല്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | എം.എൽ.എ യുടെ പ്രസ്തുത കത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വ്യക്തമാക്കാമോ; | | |
| (സി) | പ്രസ്തുത ബൈപ്പാസ് റോഡുമായി ബന്ധപ്പെട്ട് സർക്കാർ വകുപ്പുകളുടെ സ്ഥലം ഏറ്റെടുക്കുവാൻ വകുപ്പുതലത്തിൽ തീരുമാനമെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | കോതമംഗലം മുനിസിപ്പാലിറ്റിയുടെയും എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെയും സ്ഥലമേറ്റെടുക്കുന്നതിനായി ഡിസ്ട്രിക്ട് കളക്ടർക്ക് മൂവാറ്റുപുഴ നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും റിക്വിസിഷൻ സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത സ്ഥലത്തിന്റെ സമ്മതപത്രം ലഭിക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് |

എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് നിരത്ത് ഉപവിഭാഗം, കോതമംഗലത്തിന്റെ ഓഫീസിൽ നിന്നും മുൻസിപ്പൽ സെക്രട്ടറിക്കും എക്സൈസ് കമ്മീഷണർക്കും കത്തുകൾ നൽകിയിട്ടുള്ളതുമാണ്. കൂടാതെ കോതമംഗലം മുനിസിപ്പൽ സെക്രട്ടറിക്കും എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും സമ്മതപത്രത്തിന് വേണ്ടി കത്ത് നൽകിയിട്ടുള്ളതാണ്. ഇക്കാര്യം താലൂക്ക് സഭയിലും പല പ്രാവശ്യം ചർച്ചചെയ്യപ്പെടുകയും ഉണ്ടായി. എന്നിട്ടും സമ്മതപത്രം നൽകാത്ത സാഹചര്യത്തിൽ മൂവാറ്റുപുഴ നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് 14.02.2018 ന് ജില്ലാ കളക്ടറെ കത്ത് മുഖാന്തിരം അറിയിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ മുനിസിപ്പാലിറ്റിയോ എക്സൈസ് വകുപ്പോ സമ്മതപത്രം നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ